MY LORD MY GOD

Prot. No. MPL: 12/23/77

**സർക്കുലർ**
**2023 നോമ്പുകാലം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ഫ്രാൻസിസ് മാർപാപ്പ ഇക്കൊല്ലത്തെ നോമ്പുകാല സന്ദേശത്തിന് ബൈബിൾ പശ്ചാത്തലമായി തെരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണമാണ് (മത്തായി 17:1-8).

"സാത്താനേ, എന്റെ പുറകിലേക്കു പോകൂ. നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്തകൾ ദൈവികമല്ല, മാനുഷികമാണ്." (മത്തായി 16:23) എന്ന് പത്രോസിനെ ശാസിച്ചശേഷമാണ് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് ഈശോ ഉയർന്നമലയിലേക്കു പോയത്. അവനോടുകൂടി ആയിരുന്ന്, ആത്മനിയന്ത്രണത്തിലൂടെ ദൈവികശോഭ അനുഭവിക്കാൻ ഈശോ ഈ നോമ്പുകാലത്ത് നമ്മെയും ഉയർന്നമലയിലേക്കു ക്ഷണിക്കുകയാണ്. നമ്മുടെ വിശ്വാസക്കുറവിനെ അതിജീവിച്ച്, ദൈവകൃപയിൽ ആശ്രയിച്ച് ഈശോയുടെ കുരിശിന്റെ വഴി പിഞ്ചെല്ലാൻ നാം ഏറ്റെടുക്കുന്ന നിയോഗമാണ് നോമ്പുകാലം. ഇതുതന്നെയാണ് അന്ന് പത്രോസും കൂട്ടരും ചെയ്തത്. കർത്താവിനെ കൂടുതൽ ആഴത്തിൽ അറിയാൻ, രക്ഷാരഹസ്യം കൂടുതൽ വ്യക്തിപരമായി അനുഭവിക്കാൻ, സ്നേഹത്താൽ പ്രേരിതരായി പൂർണ്ണആത്മസമർപ്പണത്തിനു തയ്യാറാകാനുള്ള വലിയ അവസരമാണ് നോമ്പുകാലം. ഇങ്ങനെയൊക്കെ മതിയെന്ന നമ്മുടെ അലസമനോഭാവവും ദുരഭിമാനവും വെടിഞ്ഞ് കർത്താവിനോടുകൂടെ ആയിരിക്കാൻ അവിടുന്ന് നമ്മെ ക്ഷണിക്കുകയാണ്. ത്യാഗമനോഭാവത്തോടെ, ഏകാഗ്രതയോടെ കർത്താവിനോടുകൂടി ഉയർന്നമല കയറാൻ നമുക്കു ശ്രമിക്കാം. അതിനുമുമ്പ് നാം ഒരാത്മശോധനയ്ക്കു തയ്യാറാകണം. "നിന്റെ ചിന്തകൾ ദൈവികമല്ല, മാനുഷികമാണ്." എന്ന് കർത്താവ് നമ്മെയും ശാസിക്കുന്നുണ്ടാകും.

കുടുംബപ്രാർത്ഥനയിൽ കൂടുതൽ സജീവമായി പങ്കെടുത്തും വിശുദ്ധഗ്രന്ഥവായന കൂടുതൽ പ്രാർത്ഥനാപൂർവ്വം നടത്തിയും ക്രൈസ്തവസ്നേഹം കൂടുതൽ ഔദാര്യത്തോടെ അഭ്യസിച്ചും നമ്മുടെ കുടുംബജീവിതത്തെ വിശുദ്ധീകരിക്കാം. വിശ്വാസസമൂഹത്തോടൊപ്പം വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും ഇടവക വാർഷികധ്യാനത്തിലും സജീവമായി പങ്കെടുത്ത് ഇടവകസമൂഹത്തോടൊപ്പം ഈശോയെ പിഞ്ചെന്ന് നമുക്കും ഈ ദിനങ്ങളിൽ ഉയർന്നമല കയറാം. ഈ മലകയറ്റം ഒറ്റപ്പെട്ട സാഹസികതയല്ല, കൂട്ടായതീർത്ഥാടനമാണ്. നാം ആരും ഒറ്റപ്പെട്ട ദ്വീപല്ല. നാമെല്ലാം സഭയാകുന്ന വലിയ കുടുംബത്തിലെ അംഗങ്ങളാണ്, ഈശോയുടെ ശിഷ്യസമൂഹത്തിലെ അംഗങ്ങളാണ്.

സുവിശേഷം പറയുന്നത് കേട്ടാലും: ഉയർന്നമലയിൽ "അവൻ അവരുടെ മുൻപിൽവച്ചു രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശംപോലെ വെളുത്തു." (മത്തായി 17:2) ആ മൂന്നു ശിഷ്യന്മാർക്ക് ഈശോയുടെ ദൈവികമഹത്വം കാണാൻ ഭാഗ്യമുണ്ടായി. ഈശോയിൽനിന്ന് ദൈവികശോഭ അവരിലേക്ക് പ്രസരിച്ചു. നോമ്പുകാല വിശ്വാസതീർത്ഥാടനത്തിൽ കൂട്ടായി ഉയർന്നമല കയറുമ്പോൾ ഈശോയുടെ തിരുമുഖശോഭയിൽ നമ്മളും പങ്കുകാരാകും.

മലയിൽ ഈശോയോടൊപ്പം മോശയും ഏലിയായും ഉണ്ടായിരുന്നുവെന്ന് സുവിശേഷം സാക്ഷിക്കുന്നു. അവർ നിയമത്തിന്റെയും പ്രവചനത്തിന്റെയും വ്യക്തിരൂപങ്ങളായിരുന്നു. നിയമവും മോശയും പരമ്പര്യത്തെയും, പ്രവചനവും ഏലിയായും പുതുമയെയും അവതരിപ്പിക്കുന്നു. സഭാത്മക കൂട്ടായ്മയുടെ തീർത്ഥാടനത്തിൽ പാരമ്പര്യവും പുതുമയും പരസ്പരം തോളോടുതോൾ ചേർന്ന് പോകേണ്ടതാണ്.

നോമ്പുകാല പ്രായശ്ചിത്ത തീർത്ഥാടനത്തിന്റെ ലക്ഷ്യം വ്യക്തിപരവും സഭാത്മകവുമായ രൂപാന്തരീകരണമാണ്. ഈ ലക്ഷ്യം നേടാൻ ഈശോയോടുകൂടി മലകയറുമ്പോൾ രണ്ടുകാര്യങ്ങൾ നാം ശ്രദ്ധിക്കണം.

ഒന്ന്, ഈശോയെ ശ്രവിക്കലാണ്. "ഇവന്റെ വാക്കു ശ്രവിക്കുവിൻ." (മത്തായി 17:5) എന്ന പിതാവിന്റെ സ്വരം ശിഷ്യന്മാർ കേട്ടതുപോലെ നമ്മളും ഈശോയെ കേൾക്കണം. നമ്മോടു സംസാരിക്കുന്ന ഈശോയെ ശ്രവിക്കാനുള്ള അനുഗ്രഹത്തിന്റെ കാലമാണ് നോമ്പുകാലം. ഇന്ന് ഈശോ എങ്ങനെയാണ് നമ്മോടു സംസാരിക്കുന്നത്? ഒന്നാമതായി, ആരാധനാക്രമത്തിലൂടെ സഭ നാമുമായി പങ്കുവയ്ക്കുന്ന ദൈവവചനത്തിലൂടെ. ദൈവവചനത്തിന്റെ യഥാർത്ഥ കേൾവിക്കാരാണോ നമ്മൾ? ദൈവവചനവായനക്കും പഠനത്തിനും പ്രാർത്ഥനക്കും നാം സമയം കണ്ടെത്താറുണ്ടോ? അവിടെ ജീവിക്കുന്ന ഈശോയെ നമുക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ടോ? നമ്മുടെ സഹോദരീസഹോദരന്മാരിലൂടെയും അനുദിനം ദൈവം നമ്മോടു സംസാരിക്കുന്നുണ്ട്. അവരിലൂടെ ദൈവത്തിന്റെ സ്വരം നമുക്ക് കേൾക്കാൻ പറ്റുന്നുണ്ടോ? സഭയുടെ കൂട്ടായ യാത്രയിൽ പരസ്പരം ശ്രവിക്കാൻ നാം തയ്യാറാകണം. അപ്പോൾ ഈശോയുടെ സാന്നിധ്യം സമൂഹത്തിലൂടെ നമുക്ക് അനുഭവപ്പെടും.

രണ്ടാമതായി, വചനം ശ്രവിച്ച ശിഷ്യന്മാരുടെ പ്രതികരണം നമുക്കു ശ്രദ്ധിക്കാം. "ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ ഭയപ്പെട്ടു. ഈശോ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു: എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട. അവർ കണ്ണുകളുയർത്തി നോക്കിയപ്പോൾ ഈശോയെ അല്ലാതെ മറ്റാരെയും കണ്ടില്ല." (മത്തായി 17:6-8) ഈ വചനം വ്യഖ്യാനിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ നമ്മോടു പറയുന്നു: "അനുദിന ജീവിതയാഥാർത്ഥ്യങ്ങളുടെ ബുദ്ധിമുട്ടുകളും വൈരുദ്ധ്യങ്ങളും പേടിച്ച് അസാധാരണസംഭവങ്ങളുടെയും നാടകീയ അനുഭവങ്ങളുടെയും ഭക്തിപ്രകടനങ്ങളിലേക്ക് ഒളിച്ചോടരുത്." ഈശോമിശിഹായെ മാത്രമായിരിക്കണം നാം പിഞ്ചെല്ലുന്നത്. നോമ്പുകാലം ഒരു ധ്യാനാവസരമാണ്. ഈശോയുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹാരഹസ്യങ്ങൾ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികസുകൃതാഭ്യാസങ്ങളിലൂടെ അനുഭവിക്കുന്ന അവസരമാണത്. അത് സഭാത്മകമായ യാത്രയാണ്, തീർത്ഥാടനമാണ്. നല്ല തമ്പുരാൻ നമ്മിലേക്ക് അനുഗ്രഹങ്ങൾ വാരിച്ചൊരിയുന്ന അവസരം. "എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട" എന്ന് ഈശോ നമ്മോട് പറയുന്ന അവസരം.

ഈ വലിയനോമ്പുകാലത്ത് ഈശോയോടൊപ്പം ഉയർന്നമലയിലേക്കു കയറാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. ഈശോയുടെ ദൈവികശോഭ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ട നമുക്കും അനുഭവിക്കാൻ സാധിക്കട്ടെ. അവനോടൊത്തുള്ള സ്വർഗ്ഗീയതീർത്ഥാടനത്തിൽ എന്നും നാം ഉറച്ചുനിന്ന് മുന്നോട്ടുപോകാൻ ദൈവകൃപക്കായി യാചിക്കാം.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

+ ബോസ്കോ പുത്തൂർ

2023 ഫെബ്രുവരി 18

NB: ഈ സർക്കുലർ 2023 ഫെബ്രുവരി 26ന്(ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.